## ശ്രദ്ധക്ഷണിക്കൽ

### സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ തൊഴിൽ സുരക്ഷയും ക്ഷേമവും

ശ്രീ. കെ.എം. ഷാജി: സർ, കേരളത്തിലെ വിവിധ സ്വകാര്യ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർക്ക് സുരക്ഷയും ക്ഷേമവും മിതമായ വേതനവും നൽകുന്നതിനെ സംബന്ധിച്ചാണ് ഞാൻ ശ്രദ്ധ ക്ഷണിക്കാൻ ശ്രമിക്കുന്നത്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് സ്വകാര്യ സ്ഥാപനങ്ങൾക്ക്, ഇന്ത്യാമഹാ രാജ്യത്ത് ഏറ്റവും വലിയ സ്വത്തായി കരുതിയിരുന്നത് മനുഷ്യവിഭവമാണ്. എന്നാൽ കേരളത്തിലെ ഏറ്റവും പുതിയ കണക്കുകൾ പരിശോധിച്ചുനോക്കി യാൽ കേരളത്തിന്റെ വാർദ്ധക്യം വർദ്ധിച്ചുവരുന്നൂവെന്നുള്ളതാണ്. ഏറ്റവും കൂടുതൽ വൃദ്ധജനങ്ങൾ വർദ്ധിക്കുന്ന ഭൂരിപക്ഷമായി വരുന്ന ഒരു നാടായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഈ വാർദ്ധക്യം ബാധിച്ചവരുടെ പ്രശ്നങ്ങൾ ഒരു വലിയ സാമൂഹ്യപ്രശ്നമായി കേരളക്കരയിൽ അത് ഏറ്റെടുക്കേണ്ട പ്രശ്നമായി വന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ യുവജന പ്രസ്ഥാനങ്ങളുമൊക്കെ നേരത്തെതന്നെ യുവാക്കളുടെ ഇഷ്യൂസ് പലപ്പോഴും പറയുകയും അതിലൊക്കെ ചില പ്രശ്നങ്ങൾ ഉണ്ടെങ്കിൽപ്പോലും ഒരു കാര്യം ഉറപ്പാണ്. നമ്മുടെ നാട്ടിലെ പെൻഷൻ പ്രായവുമായി ബന്ധപ്പെട്ട തർക്കങ്ങൾ നടക്കുമ്പോഴും 60 വയസ്സെന്ന് പറയുന്നത് കേരളത്തിലോ പ്രത്യേകിച്ച് ഒരു മനുഷ്യന്റെ ആരോഗ്യപരമായുള്ള, ബുദ്ധിപരമായുള്ള റിട്ടയർമെന്റ് പിരീഡ് അല്ലായെന്ന് നമുക്ക് അറിയാവുന്നതാണ്. അത് സഭയ്ക്ക് തന്നെ സഖാവ് വി. എസ്. അച്ചുതാനന്ദനെ പോലെയുള്ള ഒരാൾ ഏറ്റവും വലിയ തെളിവുമാണ്.

അപ്പോൾ അതൊരു റിട്ടയർമെന്റ് പിരീഡ് അല്ല. ഇവിടെ കൃത്യമായി പരിശോധിച്ചുനോക്കിയാൽ വാർദ്ധക്യം ബാധിച്ചവരുടെ ഇഷ്യൂസിനെ ഏറ്റെടുക്കാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ ഞാൻ ഈ പറയുന്ന തരത്തിലുള്ള വർദ്ധക്യമാണ്. ഒരുപക്ഷേ ഉറങ്ങുന്ന കേരളത്തിന്റെ യൗവ്വനത്തിന് വാർദ്ധക്യം കാവലിരിക്കുന്ന ഒരു സങ്കടകരമായ അവസ്ഥയാണ് സെക്യൂരിറ്റി ജീവനക്കാരുടെ പ്രശ്നത്തിലുള്ളത്. എല്ലായിടങ്ങളിലും അവരെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് വോളന്ററി റിട്ടയർമെന്റ് വാങ്ങിവരുന്ന മിലിറ്ററി ഉദ്യോഗസ്ഥന്മാരെപോലുള്ള ആളുകൾ ഉണ്ടെങ്കിൽപ്പോലും നാട്ടിൻപുറങ്ങളിലുള്ള സാധാരണക്കാരായ ആളുകൾ 50-60 വയസ്സ് കഴിഞ്ഞിട്ടുള്ള ആളുകൾ വന്നാണ് ഈ കടകൾക്ക് സംരക്ഷണം നൽകിക്കൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ മാൻപവർ വിതരണം ചെയ്യാൻ നിൽക്കുന്ന നമ്മുടെ ഏജന്റുമാർ, അവരാണ് ഏറ്റവും വലിയ ചൂഷണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് കടയുടമകളെ സംബന്ധിച്ച് ഒരു സെക്യൂരിറ്റി ജീവനക്കാരന് 10,000 രൂപ നൽകുകയെന്നത് വളരെ ചെറിയ തുകയാണ്. എന്നാൽ ഏജന്റുമാർ സെക്യൂരിറ്റി ജീവനക്കാരന് നൽകുന്നത് 3000 മുതൽ 5000 രൂപവരെയാണ്. ഞാൻ ഇങ്ങനെയൊരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരുന്നതിനുമുമ്പായി പല സ്ഥലങ്ങളിലും സെക്യൂരിറ്റിയായി നിൽക്കുന്ന ജീവനക്കാരുമായി സംസാരിച്ചിരുന്നു. അവരെല്ലാം പറഞ്ഞത് അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ അവരുടെ ശമ്പളമായി 10000 രൂപ കൊടുക്കുമ്പോൾ അവർക്ക് ലഭിക്കുന്നത് 3000 മുതൽ 5000 രൂപവരെ മാത്രമാണ് എന്നാണ്. സെക്യൂരിറ്റി ജീവനക്കാർക്ക് മിനിമം തുക നൽകുന്നതിനുള്ള സുരക്ഷിതത്വം ഉണ്ടാക്കണം. സെക്യൂരിറ്റിയായി ജോലി ചെയ്യുന്നവർ പരിശീലനം സിദ്ധിച്ച ആളുകളല്ല. ഒരു അലങ്കാരത്തിനുവേണ്ടി അല്ലെങ്കിൽ

താല്കാലികമായ സുരക്ഷാബോധത്തിനുവേണ്ടി മാത്രമാണ് പലപ്പോഴും ഇവർ കടകളിൽ കാവലിരിക്കുന്നത്. അവരുടെ കൈയിൽ ചെറിയ ഒരു പെൻടോർച്ചല്ലാതെ മറ്റൊന്നുമില്ല. രാത്രിയിൽ കടകളിൽ മോഷണം നടത്താൻ വരുന്നവർ ഇവരെ അടിച്ചുവീഴ്ത്തുന്നു. ധാരാളം സെക്യൂരിറ്റിക്കാർക്ക് മാരക മായ പരിക്ക് പറ്റിയതായും ജീവൻ നഷ്ടപ്പെട്ടതായും നമുക്കറിയാവുന്നതാ ണ്. ഇങ്ങനെ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴും ഇവർക്ക് വേണ്ടത്ര വിധത്തിലുള്ള സംര ക്ഷണം ലഭിക്കുന്നില്ല. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, നിരവധി രാഷ്ട്രീയ പാർട്ടികളുണ്ടെങ്കിൽപ്പോലും സെക്യൂരിറ്റി ജീവനക്കാർക്ക് വേണ്ടവിധത്തിലുള്ള സംഘടനകൾ ഇല്ല. അസം ഘടിത തൊഴിലാളി മേഖലയാണ് സെക്യൂരിറ്റി ജീവനക്കാരുടേത്. ഈ പാവ പ്പെട്ട ആളുകളെ സഹായിക്കാൻ ഗവൺമെന്റ് സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി അവർക്ക് സംരക്ഷണം നൽകണം. ഇന്ന് കേരളം അഭിമുഖീകരിക്കു ന്നതിൽ ഏറ്റവും വലിയ സാമൂഹിക പ്രശ്നം വൃദ്ധജനങ്ങൾ വീടുകളിൽ അനുഭവിക്കുന്ന ഏകാന്തതയും അവഗണനയുമാണ്. സെക്യൂരിറ്റി ജീവനക്കാ രായി വരുന്ന പാവപ്പെട്ട പല ആളുകളും അവർക്ക് കിട്ടുന്ന തുച്ഛമായ വരുമാനംകൊണ്ട് ജീവിക്കാനോ അല്ലെങ്കിൽ തങ്ങളുടെ കൈയിൽ പണമു ണ്ടെന്നുപറഞ്ഞ് വീട്ടുകാരുടെ മുന്നിൽ ഞെളിഞ്ഞിരിക്കാനോവേണ്ടിയാണ് ഇത്തരമൊരു ഫീൽഡിലേയ്ക്ക് വരുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് ഇവരുടെ സംരക്ഷണത്തിനുവേണ്ടി നിയമങ്ങൾ ക്രോഡീകരിച്ച് ഇവരെ സംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള നിയമനടപടി ഈ വിഷയ ത്തിലുണ്ടാകണമെന്നും അവർക്കാവശ്യമായ ക്ഷേമപദ്ധതികളും ഉണ്ടാകണ മെന്നും അഭ്യർത്ഥിക്കാൻവേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരി പ്പിച്ചത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ.എം. ഷാജി പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. അനുകമ്പ അർഹിക്കുന്ന ഒരു വിഭാഗമാണ് സെക്യൂരിറ്റി ജീവനക്കർ. കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ, ഒരുപക്ഷേ ചെറുപ്പക്കാർ ഈ തൊഴിൽമേഖയിലേയ്ക്ക് കടന്നു വരാത്ത പശ്ചാത്തലത്തിലാണ് വൃദ്ധരായിട്ടുള്ളവർ ഈ ജോലി ആരംഭിച്ചത്. അതുകൊണ്ടുതന്നെ നമുക്ക് കുറെ പരിമിതികളുണ്ട്. ഗവൺമെന്റ് ഈ മേഖലയിൽ മിനിമം വേജസ്, ക്ഷാമബത്ത, യൂണിഫോം അലവൻസ്, സർവീസ് വെയിറ്റേജ് തുടങ്ങിയവയൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാമുണ്ടെങ്കിൽപ്പോലും ഇത് ഫലപ്രദമായി ജീവനക്കാർക്ക് ലഭിക്കുന്നില്ലെന്നുള്ളത് ഒരു വസ്തുത തന്നെയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ അടുത്തകാലത്ത് ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് ചില പരിശോധനകൾ നടത്തുകയും 21 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഇതിലെ ഒരു പ്രശ്നം നിയമസഭ പാസാക്കിയ 2005- ലെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസി റെഗുലേഷൻ ആക്ട് പ്രകാരം 2008-ൽ റൂൾസ് ഫോം ചെയ്തപ്പോൾ ആഭ്യന്തര വകുപ്പിലാണ് ഇതിന്റെ രജിസ്ട്രേഷന്റെയും റെഗുലേഷന്റെയും ചുമതല ഏൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റിന് ആ നിലയിൽ ചില പരിമിതികൾ ഇക്കാര്യത്തിലുണ്ട്. മറ്റൊരുകാര്യം 60 വയസിൽ കൂടുതലുള്ളവർ ഈ മേഖലയിൽ പണിയെടുക്കുന്നു. സ്വാഭാവികമായി അവർക്ക് ഇ.എസ്.ഐ, പി.എഫ്. പോലുള്ള ആനുകൂല്യങ്ങൾ

ലഭ്യമല്ലാത്ത പശ്ചാത്തലമുണ്ട്. ഇവർക്ക് ക്ഷേമനിധി എന്നുള്ള നിലയിൽ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റിന്റെ കീഴിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവർ 10 വർഷമെങ്കിലും പണിയെടുത്ത് അവിടെ അംഗത്വമുണ്ടായിക്കഴിഞ്ഞാലാണ് പെൻഷൻ ലഭ്യമാകുന്നത്. 60 വയസിൽ കൂടുതലാകുമ്പോൾ ആ ക്ഷേമനിധിയുടെ ആനുകൂല്യവും വൃദ്ധരായിട്ടുള്ളവർക്ക് ലഭ്യമല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. വൃദ്ധരുടെ കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നത് എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് സോഷ്യൽവെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ പങ്കാളിത്തത്തോടുകൂടി ഗൗരവമായി ആലോചിക്കാം. ഒരു തൊഴിൽ നിയമത്തിന്റെ കർക്കശമായ പരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ പരിമിതിയുണ്ട്. അതുകൊണ്ട് മറ്റുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. സെക്യൂരിറ്റി പേഴ്സണൽ എന്നുള്ളത് .......................

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> സർ, ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ചെറിയ ഭേദഗതി വരുത്തിയാൽ മതി. 5 വർഷംകൂടി പെൻഷൻ കിട്ടുന്ന സംവിധാനമുണ്ടാക്കാം. അല്ലെങ്കിൽ 60 വയസു മുതൽ 65 വയസ് വരെ ആക്കിയാൽ മതി.

<u>ശ്രീ. ഷിബു ബേബി ജോൺ:</u> സർ, ബഹുമാനപ്പെട്ട മുൻ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് ഒരു ചെറിയ പരിഹാരമെന്നുള്ള നിലയിൽ പെൻഷന്റെ ആനുകൂല്യം വേണമെങ്കിൽ 60 വയസ് എന്നുള്ളത് 65 വയസുവരെ ആക്കാമെന്നാണ്. ഇത് വളരെ പ്രായാധിക്യമുള്ളവർ ഇങ്ങനെയൊരു തൊഴിലിൽ ഏർപ്പെടുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. ഇതിന്റെ പരിശോധനയ്ക്കുള്ള ഒരു ബുദ്ധിമുട്ട്, സ്ഥാപനങ്ങളിൽ ചെല്ലുമ്പോൾ അവർ തയ്യാറാക്കി വച്ചിരിക്കുന്ന ലിസ്റ്റ് വിശ്വസിക്കാൻ മാത്രമേ നമുക്ക് നിർവ്വാഹമുള്ളൂ. ഇവരെ പല സ്ഥല

ങ്ങളിലായി വിന്യസിച്ചിരിക്കുകയാണ്. വിന്യസിച്ചിരിക്കുന്ന കടകളിൽ രാത്രി പോയി പരിശോധിക്കുന്നതൊക്കെ പ്രായോഗിക ബുദ്ധിമുട്ടാണ് എങ്കിൽപ്പോലും 21 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മേഖലയ്ക്ക് മറുവശവുമുണ്ട്. അനന്തമായ തൊഴിൽ സാദ്ധ്യതകളുള്ള ഒരു മേഖലയായി സെക്യൂരിറ്റി മേഖല മാറിയിട്ടുണ്ട്. ഇന്ന് ക്ലോസ്ഡ് സർക്യൂട്ട് ടി.വി കളുടെ കാലഘട്ടമാണ്. മില്യൻസ് ഓഫ് ക്ലോസ്ഡ് സർക്യൂട്ട് ടി.വി.കളാണ് ലോകമെമ്പാടുമുള്ളത്. ഇത് ശരിയായി വീക്ഷിക്കാൻ പരിശീലനം ലഭിച്ച ആളുകളില്ലെന്നുള്ള ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമുണ്ട്. പരിശീലനം സിദ്ധിച്ച സെക്യൂരിറ്റി ജീവനക്കാരന് വലിയ ഡിമാന്റാണ് ലോകമെമ്പാടുമുള്ളത്. ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ച ദിവസം തന്നെ ഇതുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ ഡിഫൻസുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ സെക്യൂരിറ്റി പേഴ്സണലിനനുയോജ്യമായ വിവിധതലത്തിലുള്ള ട്രെയിനിംഗ് കൊടുക്കുന്ന സംവിധാനത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഡൽഹിയിൽ നിന്ന് ഒരു ടീം വരുന്നുണ്ട്. ഇന്ന് ഉച്ചയ്ക്ക് അതിന്റെ ചർച്ച നടക്കാൻ പോകുകയാണ്. തൊഴിൽ മേഖലയെന്നുള്ള നിലയിൽ പ്രൊഫഷണൽ സംവിധാനം പോലെ ഇത് മാറ്റിയെടുക്കാൻ നിലവിലുള്ള സാഹചര്യത്തിൽനിന്നുകൊണ്ട് ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാണ് എന്ന് ഉറപ്പ് നൽകാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി:</u> സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ വ്യവസ്ഥിതിയുടെ പ്രശ്നമാണ്.......... ഈ വിഷയം ഗവൺമെന്റ് തന്നെ ഉത്തരം പറയേണ്ട ഒരു സാമൂഹ്യ പ്രശ്നമാണ്. സാമൂഹ്യ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയുമൊക്കെ ഇടപെടലുണ്ടാകേണ്ട മേഖലയാണിത്. വീടിന്റെ ആഡംബരം വർദ്ധിപ്പിക്കാൻവേണ്ടി എന്ന അർത്ഥത്തിൽപ്പോലും

സെക്യൂരിറ്റി ജീവനക്കാരുടെ ആവശ്യമുണ്ട്. ആ സാധ്യതയെ പരിശോധിക്കും എന്ന് പറഞ്ഞതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ചെറുപ്പക്കാർ ഈ മേഖല യിലേയ്ക്ക് കടന്നുവരാത്തതിന്റെ പ്രധാന പ്രശ്നം ആകർഷകമായ ശമ്പളമി ല്ലായ്മയും തൊഴിൽ സുരക്ഷിതത്വമില്ലായ്മയുമാണ്. ഈ മേഖലയിലെ ഏജന്റുമാരുടെ ചൂഷണം ഒഴിവാക്കാനാവശ്യമായ നിയമനടപടിയാണ് ഇതിൽ പ്രധാനമായി വേണ്ടതെന്നാണ് എനിക്ക് തോന്നുന്നത്. അതാണ് ഞാൻ പ്രധാനമായി പറയാൻ ആഗ്രഹിക്കുന്നത്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞാൻ അതാണ് സൂചിപ്പിച്ചത്. ആഭ്യ ന്തര വകുപ്പിനാണ് അതിന്റെ ചുമതല എന്നുള്ള നിലയിൽ ആഭ്യന്തര വകുപ്പു മായി ചേർന്ന് ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനെക്കുറിച്ച് ആലോചി ക്കുന്നു. ഇതെങ്ങനെ ഫലപ്രദമായി കൊണ്ടുപോകാം, ഈ നിയമങ്ങൾ എങ്ങനെ പരിരക്ഷിക്കാം, ആനുകൂല്യങ്ങൾ എങ്ങനെ നൽകാൻ കഴിയും എന്നിവയെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നു. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് നിരവധി സ്ഥാപനങ്ങൾക്കെ തിരെ നടപടി സ്വീകരിച്ചത്. തീർച്ചയായും ഇക്കാര്യം പരിഗണിക്കുന്നതായിരി ക്കും.

## വൈദ്യുത ബോർഡ് പുന:സംഘടന

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിൽ ഏറ്റവും കൂടുതൽ അംഗ സംഖ്യയുള്ളതും ഉൽപ്പാദനമുള്ളതും ജനങ്ങളെ സാരമായി ബാധിക്കുന്ന തുമായ ഒരു മേഖലയാണ് വൈദ്യുതി ബോർഡെന്നാണ് നമ്മൾ എല്ലാവരും മനസ്സിലാക്കുന്നത്. വൈദ്യുതി ബോർഡിന് എന്തോ വലിയ തകരാറ് പറ്റിയതു

പോലെയുള്ള പ്രചരണങ്ങൾ നടക്കുന്നുണ്ട്. വസ്തുതകൾ പരിശോധിച്ചാൽ ഇൻഡ്യയിലെ മറ്റേത് സംസ്ഥാനത്തിലെ വൈദ്യുതി ബോർഡിനെക്കാളും കാര്യക്ഷമമായി ഉൽപ്പാദനത്തിലും പ്രസരണത്തിലും വിതരണത്തിലും വൻനേട്ടം കൈവരിച്ച് റിക്കോർഡ് സൃഷ്ടിച്ചതാണ് കേരളത്തിലെ വൈദ്യുതി ബോർഡ്. ഉദാഹരണത്തിന് ഒരു കോടിയിലധികം ഉപഭോക്താക്കൾ ഇലക്ട്രിസിറ്റി ബോർഡിനെ ആശ്രയിച്ച് എല്ലാ കാര്യങ്ങളും നടത്തുകയാണ്. 31000-ൽ പരം പെൻഷൻകാരും 30000-ത്തിലേറെ ജീവനക്കാരുമുണ്ട്. ഇത് കടൽ പോലെയുള്ള പൊതുമേഖലാ സ്ഥാപനമാണ്. ഈ പൊതുമേഖലാ സ്ഥാപനം റീ-സ്ട്രക്ച്ചർ നടത്താൻ ഗവൺമെന്റ് തയ്യാറെടുക്കുകയാണ്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ്. അതിനെതിരെ ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി യാതൊരു ആക്ഷേപവും ഞാൻ ഉന്നയിക്കുന്നില്ല. ബോർഡിനെ കമ്പനിയാക്കാനുള്ള നടപടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ജീവനക്കാരുടെ യോഗം വിളിച്ചിരുന്നു. ആ യോഗത്തിൽ ദീർഘമായ ചർച്ചകൾ നടന്നതായി മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ, 30000-ത്തിലേറെ ജീവനക്കാരും അത്രതന്നെ പെൻഷൻകാരുമടങ്ങുന്ന ഒരു വലിയ സ്ഥാപനത്തിൽ മൗലികമായ, നയപരമായ മാറ്റം വരുമ്പോൾ... ഡിപ്പാർട്ടുമെന്റിൽ നിന്നും ബോർഡാവുകയും ബോർഡിൽ നിന്നും കമ്പനിയാവുകയും ചെയ്യുന്ന പരിവർത്തനഘട്ടമാണ്. ആ സന്ദർഭത്തിൽ എന്തായിരിക്കും തങ്ങളുടെ ഭാവി, പ്രമോഷനുകളും ലീവ് ആനുകൂല്യങ്ങളും ഗ്രാറ്റിവിറ്റിയും പ്രോവിഡന്റ് ഫണ്ടും ഇതുപോലെ ഉണ്ടാകുമോ; പെൻഷൻ സ്ഥിരമായി കിട്ടുമോ; അതിനുള്ള വഴികൾ എന്തെല്ലാമാണ്; ആ വഴികൾ പ്രായോഗികമാണോ തുടങ്ങി നിരവധി ഉത്കണ്ഠക

ളാണ് അവർക്കുള്ളത്. അത് തീർച്ചയായും ജനാധിപത്യ പരിഷ്കൃത ഗവൺമെന്റ് അങ്ങനെയുള്ള ജീവനക്കാരുടെ സംശയങ്ങൾക്കും ഉത്കണ്ഠ കൾക്കും പരിഹാരം കാണേണ്ടതാണ്. ജീവനക്കാർക്ക് ഏറ്റവും കൂടുതൽ അറിയേണ്ടതും അവർ രേഖപ്പെടുത്തുന്നതും പ്രചരിപ്പിക്കുന്നതുമായ കാര്യമുണ്ട്. ഇത് കമ്പനിയാകുന്നതോടുകൂടി ഗവൺമെന്റ് നേരിട്ടുള്ള ബാദ്ധ്യ തകളിൽ നിന്ന് പിൻവാങ്ങുകയാണ്. ഡിപ്പാർട്ടുമെന്റ് ബോർഡാക്കിയ അവസ രത്തിൽ ഉണ്ടാക്കിയ ചില കണ്ടീഷൻസുണ്ട്. ഡിപ്പാർട്ടുമെന്റ് ബോർഡാ യാലും എല്ലാ ആനുകൂല്യങ്ങളും സംരക്ഷിക്കുമെന്നുള്ള ഗവൺമെന്റ് ഗ്യാര ന്റിയുണ്ടായിരുന്നു. അതിപ്പോഴും നിലനിൽക്കുകയാണ്. ഇന്നാൽ ഇപ്പോൾ കമ്പനിയിലേയ്ക്ക് പോകുമ്പോൾ അത്തരത്തിലൊരു ഗ്യാരന്റി ഉണ്ടാകുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. എൽ.ഡി.എഫ്.-ന്റെ കാലത്ത് തയ്യാറാ ക്കിയ സ്കീമിൽ ഗ്യാരന്റി പറയുന്നുണ്ട്. അത് അങ്ങേയ്ക്ക് അറിയാവുന്ന താണ്.

No 5, Tripartite Agreement between Government of Kerala, Kerala State Electricity Board and K.S.E.B. Employees Unions.

No.5 b) The terms and conditions of service of the existing employees upon transfer to the successor corporate entity, such as promotions, transfer, wages, compensations, leave and allowances etc" all these benefits ...... ഇത് ഗ്യാരന്റി ചെയ്യുന്നു. "to be the same and any modifications/amendments shall be by mutual negotiations and settlement." ആ വ്യവസ്ഥയിൽത്തന്നെ

h) -ൽ “all the existing welfare benefits to the retired employees shall continue. All obligations in respect of payment of pension and other retirement benefits including provident fund, welfare fund, superannuation pension and encashment of leave, gratuity to the employees who have retired and who are going to be retired from the service of the Kerala State Electricity Board/KSEB before the date of re-vesting shall be the liability of the corporate entity and in respect of all statutory and other schemes relating to the employees existing on the date of re-vesting, the corporate entity shall stand substituted for the Kerala State Electricity Board/KSEB for all intent and purposes.” ഇതിൽ രണ്ട് കാര്യങ്ങൾ ഞങ്ങൾ സർക്കുലേറ്റ് ചെയ്ത സ്കീമിലുണ്ട്. ഇത് ഗവൺമെന്റിന്റെ വളരെ വ്യക്തമായ ഗ്യാരന്റിയാണ്. ഇപ്പോൾ സർക്കുലേറ്റ് ചെയ്തിരിക്കുന്നതിൽ ഒരു പെൻഷൻ ഫണ്ട് പറയുന്നുണ്ട്. ഈ പെൻഷൻ ഫണ്ട് മുഴുവൻ 7584 കോടി രൂപയാണ്. 7584 കോടി രൂപ സമാഹരിക്കുക യാണ്. ഗവൺമെന്റിന്റെയും ബോർഡിന്റെയും തുകയും കുടിശ്ശിക കിട്ടാനു ള്ളതുമെല്ലാം കൂടി പലതായി സ്പ്ലിറ്റ് ചെയ്ത് ഫിനാൻസ് ജനറേറ്റ് ചെയ്ത് 7584 കോടി രൂപയുടെ എക്സ്പെൻഡീച്ചർ മീറ്റ് ചെയ്യാമെന്നാണ് ആലോചി ക്കുന്നത്. ഇത് 10 വർഷം മുതൽ 20 വർഷം കൊണ്ടാണ് ചെയ്യുന്നത്. പെൻഷൻ ഫണ്ട് പലപല ഡിവിഷൻസായി ഫിനാൻസ് ജനറേറ്റ് ചെയ്ത് 10 വർഷം മുതൽ 20 വർഷത്തിനകം ഫണ്ട് രൂപീകരിച്ച് പെൻഷൻ കൊടുക്കാ

മെന്ന് പറയുന്നത് അപ്രായോഗികമായ കാര്യമാണെന്ന് മാത്രമല്ല, അതിന കത്ത് ആകെയുള്ള ഗ്യാരന്റി കമ്പനിയുടെ ക്യാഷ്ഫ്ളോ കൂടി ഈ ഫണ്ട് ജന റേഷനിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്. കമ്പനി ഇത് ഒഴിവാക്കിയിരി ക്കുകയാണ്. കമ്പനിയുടെ റഗുലർ ക്യാഷ് ഫ്ളോയിൽ നിന്ന് ഈ പെൻഷൻ ഫണ്ടിലേയ്ക്ക് തുക അനുവദിച്ചുകൊണ്ട് നടപടിയെടുക്കണമെന്ന് മാത്രമല്ല,

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. സി. ദിവാകരൻ</u> : അതിൽ ഗവൺമെന്റ് ഗ്യാരന്റി കൊടുക്കാൻ കൂടി ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണം. അതുപോലെ, നേരത്തേ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ള 4 അംഗങ്ങളുടെ കമ്മിറ്റിയാണ് റീ-സ്ട്രക്ച്ചറിന് ശുപാർശ ചെയ്തിട്ടുള്ളത്. അതിൽ "The State Legislature have to pass a legislation to evolve a transfer scheme as envisaged under Section 131 of the Electricity Act, 2003. Thereafter the legislature can direct the Government of Kerala to register one unlimited company for generation, transmission and distribution of power. Legislature can further direct that the entire shares of such company shall be owned by the State of Kerala and restrict future transfer of shares to private parties." എന്നാണ് പറഞ്ഞിട്ടുള്ളത്. അതായത് ഈ ഷെയർ പ്രൈവറ്റ് പാർട്ടിക്കുപോലും കൊടുക്കാൻ പാടില്ലെന്ന് പറയുന്ന ലെജിസ്ലേഷൻ നടക്കണം. ഇവിടെ ലെജിസ്ലേഷൻ നടന്നിട്ടില്ല. നിയമസഭയിൽ ഈ സ്കീം ചർച്ചയ്ക്ക് വിധേയമാക്കണം. കേരളത്തിന്റെ വളരെ പ്രധാനപ്പെട്ട ഈ വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ഊർജ്ജയും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ ചിലത് ശരിയാണ്. ജീവനക്കാരുടെ ഇടയിൽ അവരുടെ ഭാവി എന്താകുമെന്നുള്ളതിനെക്കുറിച്ച് പരിഭ്രമമുണ്ട്. ഝാർഖണ്ഡും കേരളവുമാണ് ഇപ്പോഴും ഇലക്ട്രിസിറ്റി ബോർഡ് കമ്പനിയാക്കാതിരുന്ന രണ്ട് സംസ്ഥാനങ്ങൾ. വെസ്റ്റ് ബംഗാൾ, ത്രിപുര, അവസാനമായി തമിഴ്നാടും ബോർഡ് കമ്പനിയാക്കി. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ കമ്പനിയാക്കാനുള്ള നടപടികൾ തുടങ്ങിയത് 2008-ൽ ആണ്. 25-8-2008-ലെ ക്യാബിനറ്റ് തീരുമാനമനുസരിച്ച് ഗവൺമെന്റ് ഇങ്ങനെയൊരു കമ്പനി രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചു. അതിനുശേഷം, 25-9-2008-ൽ ഇതിന്റെ അസറ്റും ലയബിലിറ്റിയും ഗവൺമെന്റിൽ വെസ്റ്റ് ചെയ്യാൻ തീരുമാനിച്ചു. 2003-ലെ ആക്റ്റനുസരിച്ച് ഒന്നാമതായി ചെയ്യേണ്ട കാര്യം, അസറ്റും ലയബിലിറ്റിയും ഗവൺമെന്റിൽ വെസ്റ്റ് ചെയ്യുക എന്നതായിരുന്നു. അതു ചെയ്തതോടെ ബോർഡ് ഇല്ലാതായി. പിന്നെ ഒരു സ്പെഷ്യൽ ആഫീസറേയും മൂന്ന് കമ്മിറ്റി അംഗങ്ങളേയും വച്ചുകൊണ്ട് നടത്തിവരികയാണ്.

ഇപ്പോൾ കെ.എസ്.ഇ.ബി. എന്നുപറയുന്ന പഴയ സ്ഥാപനം നിലവിലില്ല. അതിൽ ഒരു പൈസയുടെ അസെറ്റുമില്ല. അതുമുഴുവൻ ഗവൺമെന്റിലേയ്ക്ക് വെസ്റ്റ് ചെയ്തുകഴിഞ്ഞു. 2003-ലെ ആക്ട് അനുസരിച്ച് ഇതിനുശേഷം ഒരു കമ്പനി രജിസ്റ്റർ ചെയ്ത് ആ കമ്പനിയിൽ റീ-വെസ്റ്റ് ചെയ്യണം. ആ റീ-വെസ്റ്റ് ചെയ്യാൻവേണ്ടി നിങ്ങളുടെ കാലത്തുതന്നെ 14-01-2011-ൽ അന്നത്തെ ഗവൺമെന്റ് കമ്പനിയും രജിസ്റ്റർ ചെയ്തു. ഇനി റീ-വെസ്റ്റ് ചെയ്യുക എന്ന

ഒരു പ്രോസസ് മാത്രമാണ് ബാക്കിയുള്ളത്. ബാക്കിയെല്ലാം ആയി. ഞാൻ കുറ്റപ്പെടുത്തുന്നില്ല, മറുഭാഗത്തിരിക്കുന്ന ശ്രീ. എ.കെ. ബാലൻ ഇതിൽനിന്ന ല്ലാത്ത രൂപത്തിൽ കൊണ്ടുപോകാൻ വളരെ ശ്രമിച്ചിട്ടുണ്ട്, അത് സത്യമാണ്. വെറുതെ കുറ്റപ്പെടുത്താനൊന്നും ഞാനില്ല. നിവൃത്തിയില്ലാതെ വന്നു അതേ സ്ഥിതിതന്നെയാണ് ഇന്ന് ഞങ്ങളുടേതും. അതുമാത്രമേയുള്ളൂ വ്യത്യാസം. രണ്ടുകൂട്ടരും ഒരുപോലെയാണ്, അതിൽ യാതൊരു വ്യത്യാസവുമില്ല. എന്നു മാത്രമല്ല ഒരുകാര്യം കൂടി, കമ്പനി രജിസ്റ്റർ ചെയ്തു, ബാക്കിയുള്ള സ്ഥലങ്ങ ളിലൊന്നും ഇല്ലാത്തൊരു പ്രത്യേകത എൽ.ഡി.എഫ്. ഗവൺമെന്റ് രജിസ്റ്റർ ചെയ്ത കമ്പനിക്കുണ്ടായിരുന്നു. വെസ്റ്റ് ബംഗാളിലടക്കം രണ്ടുംമൂന്നും കമ്പ നിയാണുള്ളത്. കേരളത്തിൽ മാത്രമാണ് ഒറ്റ കമ്പനിയുള്ളത്. പിന്നെ അങ്ങ് ക്വാട്ട് ചെയ്തത് ഒരു കമ്മിറ്റിയുടെ റിപ്പോർട്ടാണ്. പഴയ അഡ്വക്കേറ്റ് ജനറൽ ശ്രീ. ദാമോദരൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കെ.എസ്.ഇ.ബി. കമ്പനിയാക്കണമെന്നും കമ്പനിയാക്കുന്നതിനു മുമ്പ് ലെജിസ്ലേഷൻ നടത്തണം എന്നുമാണ്. വെസ്റ്റ് ബംഗാളിൽ ചെയ്തതു പോലെ ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. വെസ്റ്റ് ബംഗാളിൽ ഇത് അസംബ്ലി യിൽ ലേ ചെയ്യുകയാണ് ചെയ്തത്. ചില സ്റ്റേറ്റുകൾ അത് ചെയ്തിട്ടില്ല. ഇവിടെ ലേ ചെയ്യാം. ലേ ചെയ്തുകഴിഞ്ഞാൽ വേണമെങ്കിൽ ഡിസ്കഷൻ ആവാം. ലേ ചെയ്തു കഴിഞ്ഞാൽ അത് ഹൗസിന്റെ പ്രോപ്പർട്ടി ആയി. അത് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. പല സംസ്ഥാനങ്ങളും ചെയ്തിട്ടില്ല, ഞങ്ങൾ ചെയ്യാൻ തയ്യാറാണ്. പിന്നെ ഇതിന്റെ കാര്യങ്ങൾ പറഞ്ഞാൽ ഫസ്റ്റ് ട്രാൻസ്ഫർ സ്കീം ഉണ്ടാക്കിയത് നിങ്ങളുടെ കാലത്താണ്. താങ്കൾ ക്വാട്ട് ചെയ്തതിൽ പലതും കമ്മിറ്റിയുടെ റിപ്പോർട്ടാണ്. നാലംഗ കമ്മിറ്റി എന്നുപറ ഞ്ഞത് അതാണ്. വേറെ നിങ്ങൾ സ്കീമും പറഞ്ഞു. നിങ്ങൾ നാലംഗ കമ്മിറ്റി

എന്നുപറഞ്ഞില്ലേ, നാലംഗ കമ്മിറ്റി എന്നുപറഞ്ഞാൽ ആരൊക്കെയാണ്? ശ്രീ. സി. ദിവാകരൻ, കുറ്റപ്പെടുത്താൻ ഞാൻ ഇല്ല

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ Tripartite Agreement-ന്റെ കാര്യമാണ് പറഞ്ഞത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, നോ.. നോ ഞാൻ പറയുന്നത് കേൾക്കൂ.. നാലംഗ കമ്മിറ്റിയാണ് Tripartite Agreement വേണമെന്ന് പറഞ്ഞത്. അഡ്വക്കേറ്റ് ജനറൽ ആയിരുന്ന ശ്രീ. ദാമോദരൻ, ശ്രീ. ഉണ്ണിത്താൻ എന്നിവരടങ്ങുന്ന നാലുപേരാണ് കമ്മിറ്റിയിലുണ്ടായിരുന്നത്. അവർ ബംഗാളിലും ത്രിപുരയിലുമൊക്കെ പോയി പഠിച്ചിട്ടുതന്നെയാണ് റിപ്പോർട്ട് എഴുതിയിരിക്കുന്നത്. ഞാൻ ആ റിപ്പോർട്ട് വായിച്ചിട്ടുണ്ട്. ഒരു കാര്യം ഞാൻ പറയാം, ജീവനക്കാരുടെ മുഴുവൻ നിലവിലുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും ഈ ഗവൺമെന്റ് നിലനിർത്തും അതിൽ യാതൊരു ഭയപ്പാടിന്റെയും ആവശ്യമില്ല. Tripartite Agreement ഉണ്ടാക്കുമെന്നുമാത്രമല്ല നിങ്ങളുടെ കാലത്ത് എന്ന് ഞാൻ പറയുന്നില്ല, അന്നത്തേക്കാൾ കുറച്ചുകൂടി ഗുണകരമായാണ് ചെയ്യുന്നത്. അന്ന് ചെയ്തത് സർക്കാർ കെ.എസ്.ഇ.ബി.ക്ക് മുമ്പ് കൊടുക്കേണ്ടിയിരുന്ന 1600 കോടി രൂപ ഡോ. ടി.എം. തോമസ് ഐസക്, ധനകാര്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ കൈയക്ഷരത്തിൽ എഴുതിയ ഫയലാണ്, സർക്കാർ ഗഡുക്കളായി കൊടുക്കാം എന്നതാണ്. രണ്ട്, അതിന്റെ ഇന്ററസ്റ്റ് 900 കോടി രൂപ. അങ്ങനെ 2500 കോടി രൂപയാണ് നിങ്ങളുടെ സ്കീമിൽ ഉള്ളത്. ഞാൻ കുറ്റപ്പെടുത്തുകയല്ല, അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്യാൻ പാടില്ലാത്ത ഒരു കാര്യം ചെയ്തു. അതായത്

വാട്ടർ അതോറിറ്റിക്ക് 524 കോടി രൂപ തരാനുണ്ടായിരുന്നു. ആ 524 കോടി രൂപ റൈറ്റ് ഓഫ് ചെയ്യാൻ തീരുമാനിച്ചു. അത് നിയമവിരുദ്ധമാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, റൈറ്റ് ഓഫ് ചെയ്യുകയല്ലായിരുന്നു. കേരള വാട്ടർ അതോറിറ്റിയും കെ.എസ്.ഇ.ബി.യും തമ്മിൽ എത്രയാണ് ഇലക്ട്രിസിറ്റി കൊടുത്തിട്ടുള്ളത് എന്നതിനെച്ചൊല്ലി വലിയ തർക്കമായിരുന്നു. ആ തർക്കം തീർക്കുന്നതിനുവേണ്ടി ചർച്ചചെയ്ത് ലംപ്സം എമൗണ്ട് ഫിക്സ് ചെയ്ത് ആ പണം നൽകുന്നതിന് സമയബന്ധിതമായി ഏർപ്പാടുണ്ടാക്കി ബാക്കി ക്ലെയിം വിട്ടുകളയുകയാണ് ചെയ്തത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അങ്ങനെയല്ല ചെയ്തത്. അതിലേയ്ക്ക് 250 കോടി രൂപ നൽകാനും ബാക്കി 524 കോടി രൂപ റൈറ്റ് ഓഫ് ചെയ്യാനുമാണ് തീരുമാനിച്ചത്. അത് ക്യാബിനറ്റിന്റെ തീരുമാനമായിരുന്നു. അങ്ങനെയാണ് ചെയ്തത്. ഞാൻ ആ ഫയൽ കണ്ടതാണ്. 2003 ആക്ടിലെ സെക്ഷൻ 65 അനുസരിച്ച് അങ്ങനെ എഴുതിതള്ളാൻ ഗവൺമെന്റിന് അധികാരമില്ല, ക്യാബിനറ്റിന് അധികാരമില്ല. അത് എഴുതിതള്ളണമെങ്കിൽ in advance ഈ തുക നൽകണം. അതുപോലെ സബ്സിഡി നൽകണമെങ്കിൽ ഗവൺമെന്റ് ആ പണം നൽകണം. സെക്ഷൻ 65 അനുസരിച്ച് നിയമവിരുദ്ധമാണെന്ന് ഞങ്ങൾ കണ്ടെത്തി ഈ ഗവൺമെന്റ് ആ 524 കോടി രൂപ കൊടുക്കാൻ തീരുമാനിച്ചു. താങ്കൾ അംഗീകരിച്ച 2500 കോടി രൂപയ്ക്കുപുറമെ ഈ 524 കോടി രൂപ കൊടുക്കാൻ തിരുമാനിച്ചു. അതും കഴിഞ്ഞ് അതിന്റെ ശേഷവും വന്നു. അതായത്, 01-04-2008 മുതൽ 31-03-2012 വരെ വീണ്ടും ഉണ്ട്. അതിൽ 1301 കോടി രൂപ ഇലക്ട്രിസിറ്റിയിൽ അഡ്ജസ്റ്റ് ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചു. അതിനുപുറമെ ഇതിൽ പിന്നേയും ബാലൻസ് വന്നു. ആ ബാലൻസ് വന്ന

തിൽ 439 കോടി രൂപയും അതിന്റെ ഇന്ററസ്റ്റ് 247 കോടി രൂപയും സർക്കാർ കൊടുക്കാനാണ് ഇപ്പോൾ സബ്കമ്മിറ്റിയുടെ റിപ്പോർട്ട് വന്നിട്ടുള്ളത്. എല്ലാം കൂടി കൂട്ടി നോക്കുമ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വന്നത് 4520 കോടി രൂപയാണ്. ഇപ്പോൾ വന്നിരിക്കുന്നത് 7524 കോടി രൂപയാണ്. ഈ 7524 കോടി രൂപയിൽ 57% ഇപ്പോൾ ഗവൺമെന്റാണ് നൽകുന്നത്. ബാക്കിയാണ് ഈ ബോർഡിന്റെ കമ്പനിയിൽ നിന്ന് ഭാവിയിൽ വരാൻ പോകുന്നത്. അതിന് ബോണ്ട് ഇറക്കും. ബോണ്ടിന്റെ സ്ഥിതി പറഞ്ഞാൽ, ഞാൻ കുറ്റപ്പെടുത്തുകയാണെന്ന് തോന്നരുത്, അങ്ങ് പറഞ്ഞതുകൊണ്ട് പറയുകയാണ്. ഞങ്ങൾ കൊണ്ടുവന്നത് റിട്ടയർമെന്റ് ഏജ് 56 വയസ്സ്, നിങ്ങളുടെ കാലത്ത് 55 വയസ്സ് ആയിരുന്നു. സാലറി സ്കെയിൽ ഇൻക്രീസ് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചത് 5% ആണ്, ഞങ്ങൾ അത് 10% ആയി കണക്കുകൂട്ടി. കണക്കുകൂട്ടിയിട്ടാണ് ഞങ്ങൾ ചെയ്യുന്നത്. അതുപോലെ ഇന്ററസ്റ്റ് റേറ്റ് അന്ന് 8 ശതമാനമാണ് കണക്കുകൂട്ടിയത്. ഞങ്ങൾ അത് 10 ശതമാനമാണ് കണക്കുകൂട്ടിയത്. ഈ കമ്പനിക്ക് അനുകൂലമായത് അത്രയും സർക്കാരിൽ നിന്ന് നൽകും. പെൻഷൻ ഇൻഫ്ളേഷൻ അന്ന് ഒരു പൈസയും ഇഗ്നോർ ചെയ്തു, ഞങ്ങൾ അത് 10% ചെയ്തു. അന്നത്തേക്കാൾ നേട്ടം ഞങ്ങൾ ഇന്ന് ഉണ്ടാക്കുന്നുവെന്നുപറഞ്ഞാൽ ഇതുകൊണ്ടെല്ലാം ആയി എന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ ചെയ്യാവുന്നതിന്റെ പരമാവധി ജീവനക്കാരുടെ കാര്യങ്ങൾക്കുവേണ്ടി ചെയ്യും, നിലവിലുള്ള പെൻഷൻകാർക്ക് അതാതുകാലത്ത് ബോർഡ് ആയിരുന്നുവെങ്കിൽ എന്ത് പെൻഷനും ആനുകൂല്യങ്ങളും കിട്ടുമോ അതെല്ലാം നൽകും. അതുപോലെ ജീവനക്കാരന്റെ ഒരു അവകാശവും എടുത്തുകളയില്ല. അത് Tripartite Agreement-ൽ വ്യവസ്ഥ

യായിരിക്കും. ഈ വക കാര്യങ്ങളൊക്കെ ചെയ്യുമെന്നുമാത്രമല്ല ഇതിൽ ജീവനക്കാരുടെ താൽപ്പര്യം പരമാവധി സംരക്ഷിക്കുകയും ഈ ഗവൺമെന്റ് ഭരിക്കുന്ന കാലത്തോളം ഒരു ഷെയറും ഡിസ്ഇൻവെസ്റ്റ് ചെയ്യില്ല, ഒരു സ്വകാര്യ വ്യക്തിയെ ഇതിനകത്ത് കടത്തില്ല. ഇത്രയും കാര്യങ്ങൾ ഞാൻ ഗവൺമെന്റിനുവേണ്ടി പറയുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് പറഞ്ഞത് നേരത്തേ മുഖ്യമന്ത്രിയുടെ കോൺഫറൻസിൽ പറഞ്ഞ കാര്യങ്ങൾതന്നെയാണ്. എന്റെ സംശയം അതല്ല, ഈ ഫിനാൻസ് ജനറേറ്റ് ചെയ്യുന്നതിന്റെ കൂട്ടത്തിൽ ഒരു റിസോഴ്സ് ആയി പുതിയ കമ്പനിയുടെ ക്യാഷ്ഫ്ളോ കൂടി ഇതിനകത്ത് ഉൾപ്പെടുത്തുമോ ഇല്ലയോ എന്നുള്ളതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ കമ്പനിക്ക് ഇതിൽ കുറേ ഉത്തരവാദിത്വം വരുമല്ലോ. അവരുടെ ക്യാഷ് ഫ്ളോയൊക്കെ വന്നുകൊണ്ടല്ലേ ഇത് ചെയ്യാൻ കഴിയുകയുള്ളൂ. പിന്നെ അവർക്ക് ഈ കമ്പനിയുടെ കാര്യത്തിൽ നാളെ എന്ത് എന്ന ഒരു ഭയപ്പാട് കാണും. നഷ്ടം വന്നുപോയാൽ എങ്ങനെ വരും എന്നൊക്കെ തോന്നും. എന്നാൽ ഇന്ന് കെ.എസ്.ഇ.ബി. ആയിരുക്കുമ്പോഴും ആ ഭയപ്പാട് ഉണ്ടല്ലോ. എന്നാൽ അത് പ്രൊട്ടക്ട് ചെയ്യാനുള്ള ഒരു ക്ലോസ്സും ഞങ്ങൾ വയ്ക്കും.

**അറിയിപ്പ്**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നേരത്തെയുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വനിതാ മെമ്പർമാരുടെ പ്രശ്നത്തെ സംബന്ധിച്ച് പറഞ്ഞ പ്രൊപ്പോസൽ ഞങ്ങൾ പ്രാഥമിക

മായി അംഗീകരിക്കുന്നു. ഇതുസംബന്ധിച്ചുള്ള ആക്ഷൻ പുറകേ ഉണ്ടാകു മെന്ന് പ്രതീക്ഷിച്ചുകൊണ്ട് 6 വനിതാ എം.എൽ.എ.മാർ സഭയുടെ പുറത്ത് നടത്താൻ നിശ്ചയിച്ചിരുന്ന സത്യാഗ്രഹം മാറ്റിവയ്ക്കുകയാണ്. അതനുസരി ച്ചുള്ള നടപടികൾ ഉടനെതന്നെ ഉണ്ടാകുമെന്ന് ആശിച്ചുകൊണ്ടാണ് സത്യാ ഗ്രഹം മാറ്റിവച്ചതെന്നുള്ള കാര്യം ആഭ്യന്തര വകുപ്പുമന്ത്രിയേയും സഭയേയും അറിയിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങേയ്ക്ക് ആ റിപ്പോർട്ട് വേണമെങ്കിൽ സഭയുടെ മേശപ്പുറത്തുവയ്ക്കാവു ന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ ഞാൻ ലേ ചെയ്യുമെന്ന് പറഞ്ഞ മൂന്ന് അന്വേഷണ റിപ്പോർട്ടുകളുടെ ലീഗൽ ഒപ്പീനിയൻ ശ്രീ. ടി. അസഫലി തന്നി ട്ടുള്ള ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ ലീഗൽ ഒപ്പീനിയൻ, ജസ്റ്റിസ് പത്മനാഭൻ നായർ തന്നിട്ടുള്ള ഒപ്പീനിയൻ, ലാ സെക്രട്ടറി തന്നിട്ടുള്ള ഒപ്പീനി യൻ എന്നിവയാണ്. ഈ മൂന്ന് ഒപ്പീനിയനും അങ്ങയുടെ അനുമതിയോടു കൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങൾക്ക് അതിന്റെ കോപ്പി തരുമല്ലോ. പലപ്പോഴും ഞങ്ങൾക്ക് ഇങ്ങനെയുള്ള കോപ്പി കിട്ടാറില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: കോപ്പി തരും